# ‘ദൈവമുമ്പാകെ നാം മറഞ്ഞിരിക്കുന്നില്ല’

## ലൂക്കോസ് 8:46-47

‘യേശുവോ: ഒരാൾ എന്നെ തൊട്ടു; എങ്കൽനിന്നു ശക്തി പുറപ്പെട്ടതു ഞാൻ അറിഞ്ഞു എന്നു പറഞ്ഞു. താൻ മറഞ്ഞിരിക്കുന്നില്ല എന്നു സ്ത്രീ കണ്ടു വിറെച്ചും കൊണ്ടു വന്നു അവന്റെ മുമ്പിൽ വീണു, അവനെ തൊട്ട സംഗതിയും തൽക്ഷണം സൌഖ്യമായതും സകലജനവും കേൾക്കെ അറിയിച്ചു.’

പന്ത്രണ്ടു വർഷക്കാലമായി രക്തസ്രാവമുണ്ടായിരുന്ന സ്ത്രീയുടെ അനുഭവസാക്ഷ്യമാണ് ഇന്നത്തെ കുറിവാക്യത്തിൽ നാം കാണുന്നത്. മറ്റുപല വൈദ്യന്മാരാലും സൗഖ്യം കിട്ടാതെ ആകെ വിഷമിച്ച് മനംകലങ്ങിയ നിമിഷങ്ങളിലാവാം അവൾ യേശുവിന്റെ പിന്നാലെ നടന്നു നീങ്ങുവാൻ തയ്യാറായത്. അത്ര ഭയങ്കരമായ പുരുഷാരത്തിന്റെ തിക്കിലും തിരക്കിലും പെട്ട് വളരെ ബദ്ധപ്പെട്ടാണ് കർത്താവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൽ തനിക്കു സൗഖ്യം വരും എന്ന ഉറച്ച വിശ്വാസത്തോടെ അവൾ കടന്നു ചെല്ലുന്നത്.

യേശു സൗഖ്യദായകനാണെന്ന ആ വിശ്വാസം അവളെ സകല തടസ്സങ്ങളും തരണം ചെയ്ത് കർത്താവിനോട് അടുപ്പിക്കുവാൻ ഇടയായിത്തീർന്നുവെന്ന് നമുക്കിതിൽ നിന്നും മനസ്സിലാക്കാം. സൗഖ്യമായ ശേഷം ആരും അറിയാതെ സ്വഭവനത്തിലേക്ക് കടന്നു പോകാം എന്നതായിരുന്നിരിക്കണം അവളുടെ അപ്പോഴത്തെ മനോവിചാരം. എന്നാൽ അവളുടെ കണക്കുകൂട്ടലുകളെയെല്ലാം മാറ്റിയെഴുതിക്കൊണ്ടാണ് ഇവിടെ കർത്താവ് പറയുന്ന വാക്കുകൾ. തങ്കൽ നിന്നും ശക്തി പുറപ്പെട്ടതറിഞ്ഞ യേശു തന്നെ തൊട്ടത് ആരാണെന്നറിയുവാൻ പുരുഷാരത്തിന്റെ മദ്ധ്യത്തിൽ തിരയുകയാണ് ചെയ്യുന്നത്.

യേശുവിന്റെ കൂടെ യാത്ര ചെയ്തിരുന്നവർ കർത്താവിനെ തൊട്ടത് ആരാണെന്ന് മനസ്സിലാക്കിയിട്ടില്ലായിരുന്നു. എങ്കിലും കർത്താവ് ആ സ്പർശനം മനസ്സിലാക്കി. അവിടുത്തേക്ക് ഒന്നും മറവായിരിക്കുന്നില്ല എന്ന സത്യം നമുക്കിവിടെ വ്യക്തമാവുകയാണ്.

സങ്കീർത്തനങ്ങൾ 139:7 പറയുന്നു “നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധിവിട്ട് ഞാൻ എവിടേക്ക് ഓടും?”

നമ്മുടെ ഉള്ളങ്ങളെയും നിനവുകളെയുമെല്ലാം അറിയുന്ന കർത്താവ് നമ്മോടുകൂടെയുണ്ട്. ഒരുപക്ഷേ താങ്കൾ ഇന്ന് ആയിരിക്കുന്നത് ഇതുപോലൊരു സാഹചര്യത്തിലാണോ? എന്റെ അവസ്ഥ ആരും അറിയുന്നില്ല അല്ലെങ്കിൽ പ്രാർത്ഥിച്ചിട്ടും ദൈവം മറുപടി തരു

ന്നില്ല എന്ന് ഓർത്ത് ആയിരിക്കുന്ന അവസ്ഥയിൽ ഒതുങ്ങിക്കൂടുന്ന വ്യക്തിയാണോ? അങ്ങനെയെങ്കിൽ ഈ രക്തസ്രാവക്കാരിയെപ്പോലെ കർത്താവിൽ ഉറച്ചു വിശ്വസിച്ചു കൊണ്ട് പ്രാർത്ഥിക്ക.

ദൈവം നമ്മുടെ സ്ഥിതിയെ മാറ്റുമ്പോൾ അത് ജനസമൂഹത്തിന്റെ മധ്യത്തിൽ ഒരു വലിയ സാക്ഷ്യമാക്കി തീരുവാൻ തക്കവണ്ണം ഇടയാകും. നാം നമ്മെക്കുറിച്ച് വിചാരിക്കുന്നതു പോലെയല്ല, ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നതുപോലെ നാം നമ്മെ കാണണം. ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി തിന്മക്കല്ല നന്മക്കത്രേയാകുന്നു. അതുകൊണ്ട് ആ നല്ല കർത്താവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരായിത്തീരാം.

പരാമർശം :

**എബ്രായർ 4:13**

അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്’.

## സിസ്റ്റർ. അശ്വതി ബിനു ഏറ്റുമാനൂർ 034